**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4701** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന/ജില്ലാ തലങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ ജില്ലാതല പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന/ജില്ലാ തലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച് പുരോഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ നിരന്തരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തി നിർവഹണത്തിന് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതിന് ഉള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. പദ്ധതിയുടെ ജില്ലതിരിച്ചുള്ള പുരോഗതി **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുള്ള കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | നിലവിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാനം നൽകേണ്ട വിഹിതം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം ലഭിച്ചിട്ടുണ്ട്. ഇതുവരെ കേന്ദ്രവിഹിതമായി 5610.30 രൂപയും സംസ്ഥാനവിഹിതമായി 5533.27 രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) | കുടിശിക നൽകാത്തത് കാരണം പല കരാറുകാരും പ്രവൃത്തി ചെയ്യുന്നതിന് തയ്യാറാകുന്നില്ലെന്നതും പലതും നിർദ്ദിഷ്ട കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നിലവിൽ ഫണ്ട് ലഭ്യതക്കനുസരിച്ച് കരാറുകാരുടെ ബിൽതുക മുൻഗണനാടിസ്ഥാനത്തിൽ നൽകിവരുന്നു. കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും പദ്ധതികൾ കേന്ദ്രസർക്കാർ ദീർഘിപ്പിച്ച നൽകിയ കാലയളവിൽതന്നെ |

| | | | |
|---|---|---|---|
| | എങ്കിൽ നൽകാനുള്ള കുടിശിക നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ; | | പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | മലപ്പുറം ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിന് മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റു വകുപ്പ് തലവന്മാരുടെയും യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | മലപ്പുറം ജില്ലയിലെ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ജലജീവൻ മിഷൻ പ്രവർത്തനങ്ങളും വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി വരുന്നു. മന്ത്രിയുടെ ഓഫീസിൽനിന്നും നേരിട്ട് മലപ്പുറം ജില്ലയിലെയും പുരോഗതി വിലയിരുത്തുന്നതിന് അവലോകനയോഗം നടത്തിയിട്ടുണ്ട്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റുവകുപ്പുതലവന്മാരുടെയും യോഗം തുടർന്നും വിളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## ജില്ല തിരിച്ചുള്ള പുരോഗതി

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | ജലജീവൻ മിഷൻ മുമ്പുണ്ടായിരുന്ന കണക്ഷനുകൾ | ഭരണാനുമതി ലഭിച്ച കണക്ഷനുകൾ | ജലജീവൻ മിഷൻ തുടങ്ങിയതിനു ശേഷം നൽകിയ കണക്ഷനുകൾ |
|---|---|---|---|---|
| തിരുവനന്തപുരം | 659860 | 166812 | 524194 | 280558 |
| കൊല്ലം | 607160 | 147779 | 446930 | 299805 |
| പത്തനംതിട്ട | 357519 | 85230 | 273171 | 90501 |
| കോട്ടയം | 471910 | 109944 | 373493 | 115126 |
| ആലപ്പുഴ | 543821 | 195453 | 378352 | 169887 |
| ഇടുക്കി | 279017 | 58191 | 241261 | 39394 |
| എറണാകുളം | 620848 | 265391 | 346467 | 150033 |
| തൃശ്ശൂർ | 600633 | 178629 | 438834 | 130312 |
| പാലക്കാട് | 650491 | 148887 | 497280 | 232505 |
| മലപ്പുറം | 797512 | 143576 | 652951 | 219893 |
| കോഴിക്കോട് | 514666 | 86272 | 526159 | 117128 |
| വയനാട് | 191308 | 42839 | 148944 | 28877 |
| കണ്ണൂർ | 433842 | 80423 | 376986 | 171972 |
| കാസർഗോഡ് | 253522 | 40141 | 220320 | 41243 |
| **ആകെ** | **6982109** | **1749567** | **5445342** | **2087234** |